പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 831 — 9/8/2017 ൽ മറുപടിക്ക്

## അന്യസംസ്ഥാന ഇറച്ചിക്കോഴികൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.എ. കെ. ശശീന്ദ്രൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | | |
|---|---|---|---|
| എ) | അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഇറച്ചിക്കോഴികളിൽ വ്യാപകമായ രീതിയിൽ ആന്റിബയോട്ടിക്കുകളും ഹോർമോണുകളും കുത്തിവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഹോർമോണുകൾ കുത്തിവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം ഇറച്ചി കഴിച്ചാൽ മനുഷ്യരിൽ എന്തെല്ലാം ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാകാൻ സാധ്യതയുള്ളത് എന്നറിയാമോ; വ്യക്തമാക്കുമോ; | ബി) | മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ ഈ വിഷയത്തിൽ പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിൽ ഇറച്ചികോഴികളിൽ ആന്റിബയോട്ടിക്കുകളും ഹോർമോണുകളും ടെസ്റ്റ് ചെയ്യുന്നതിനുവേണ്ടി സാമ്പിളുകൾ ശേഖരിച്ച് ഇതിനാ സംവിധാനങ്ങളുള്ള FSSAI അംഗീകൃത ലാബുകളിൽ പരിശോധിച്ചിട്ടുണ്ട്. അതിൽ ഒരു സാമ്പിൾ മാത്രം വളരെ നേരിയ അളവിൽ ആന്റിബയോട്ടിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.<br>ആന്റിബയോട്ടിക് അടങ്ങിയ ഇറച്ചി കഴിച്ചാൽ മനുഷ്യരിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആധികാരികമായി പഠനം നടത്തേണ്ടത് ഇന്ത്യ ഗവൺമെന്റ് നിയമിച്ചിട്ടുള്ള FSSAI ആണ് |
| സി) | ഇത്തരം ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന ഇറച്ചിയുടെ വില്പന നിയന്ത്രിക്കാനും തദ്ദേശീയമായി കോഴികൃഷി വ്യാപിപ്പിക്കാനും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്; | സി) | സർക്കാർ നിയന്ത്രണ ഉല്പാദന വിപണന സംവിധാനത്തിന് ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കാനാകും. കെപ്കോ വഴി ഇൻറഗ്രേഷൻ മാതൃകയിൽ ഇറച്ചി കോഴിവളർത്തലിൽ തീറ്റ, മരുന്ന് തുടങ്ങിയവ നൽകി വളർച്ചയെത്തിയ കോഴികളെ പരിശോധനയ്ക്ക് വിധേയമാക്കി മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് വിതരണം നടത്തുന്നു. ഈ രീതിയിൽ കോഴികളുടെ ഉറവിടം വ്യക്തമാണ്. |

| | | | |
|---|---|---|---|
| | | | ബ്രോയിലർ കോഴി ഇറച്ചിയുടെ ഗുണനിലവാരം വിപണി വില നിയന്ത്രണം എന്നിവ ലക്ഷ്യമിട്ട് കുടുംബശ്രീ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭം എന്ന നിലയിൽ 1000 കോഴികളുടെ 1000 യൂണിറ്റ് തുടങ്ങുവാൻ നടപടികൾ കൈക്കൊണ്ട് വരുന്നു. |
| ഡി) | മനുഷ്യനിലേക്ക് പകരുന്ന വൈറസ് ബാധിച്ച കോഴികൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ വ്യാപകമാകുന്നു എന്ന സാമൂഹ്യ മാധ്യമങ്ങളിലെ പ്രചരണത്തിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടിട്ടുണ്ടോ? എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | മനുഷ്യനിലേക്ക് പകരുന്ന വൈറസ് ബാധിച്ച കോഴികൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ വ്യാപകമാകുന്നു എന്ന സാമൂഹ്യ മാധ്യമങ്ങളിലെ പ്രചരണത്തിന്റെ നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലെ പ്രചരണം ശ്രദ്ധയിൽപ്പെട്ടതിനെ അടിസ്ഥാനമാക്കി തമിഴ്നാട് ആരോഗ്യരംഗത്തെയും നാമക്കൽ ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിലെ മൃഗസംരക്ഷണ രംഗത്തെ വിദഗ്ധരുമായും വിഷയത്തെ സംബന്ധിച്ച് അന്വേഷിച്ചിരുന്നു. അന്വേഷണത്തിൽ പ്രസ്തുത പ്രചരണം അടിസ്ഥാന രഹിതമാണെന്ന് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ